Draft #4 of File 1726/AC A9 ASSISTANT./2018/AC A IX Approved by ASSISTANT REGISTRAR III ACADEMIC on 05-Feb-2019 03:36 PM - Page 1

**മഹാത്മാഗാന്ധി സർവ്വകലാശാല, കേരളം**

**സംഗ്രഹം**

മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഭൂമിശാസ്ത്രത്തിൽ കോഴ്സുകൾ ആരംഭിക്കുന്നത് - സിൻഡിക്കേറ്റ് തീരുമാനം - ഉത്തരവ് പുറപ്പെടുവിക്കുന്നു

---

**അക്കാദമിക് എ 9 സെക്ഷൻ**

നമ്പർ. 426/2019/എം.ജി.യു

തീയതി: 06.02.2019

---

പരാമർശം:-1)ഫോറം ഓഫ് ജോഗ്രാഫേഴ്സ് 15.12.2016 ന്സമർപ്പിച്ച നിവേദനം .

2)ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസസ് ഡീനിന്റെ കത്ത് ,തീയതി 24/07/2017

3)ഫാക്കൽറ്റി ഓഫ് സയൻസ് ഡീനിന്റെ കത്ത് ,തീയതി 08.02.2018

4)29.09.2018 തീയതി കൂടിയ അക്കാഡമിക് കൗൺസിൽ യോഗത്തിന്റെ മിനിട്സ്

5)08 / 11 / 2018 ന കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ (18 .09 )ഇനം നമ്പർ 01 / 18 .09 / 182236 ആയി സമർപ്പിച്ചത്

**ഉത്തരവ്**

മഹാത്മാഗാന്ധി സർവകലാശാല വൈസ് ചാൻസലർ മുൻപാകെ ഫോറം ഓഫ് ജോഗ്രാഫേഴ്സ് സമർപ്പിച്ച നിവേദനത്തിൽ കേരളത്തിലെ സർവകലാശാലകളുടെ കീഴിലുള്ള ആർട്സ് ആൻഡ് സയൻസ് കോളേജുകളിൽ ഭൂമിശാസ്ത്രം വിഷയമായി പുതിയ ബിരുദ കോഴ്സുകൾ അനുവദിക്കുന്നതിന് നടപടികൾ സ്വീകരിക്കണമെന്ന് അഭ്യർത്ഥിച്ചിട്ടുള്ളതാണ്.മേൽ വിഷയം 06.05.2017ന ചേർന്ന അക്കാഡമിക് കൗൺസിലിൻറെ തീരുമാനപ്രകാരം ഡീൻ, ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസിന്റെവിദഗ്ധാഭിപ്രായങ്ങൾക്ക നൽകിയിരുന്നു. സർവകലാശാലയുടെ അഫിലിയേറ്റഡ് കോളേജുകളിൽ ജോഗ്രഫി പഠനം തുടങ്ങേണ്ടതിന്റെ ആവശ്യകത സർക്കാരിന് മുൻപിൽ സമർപ്പിക്കാവുന്നതാണെന്നും, കേരള സർവകലാശാലയിൽ ജോഗ്രഫി വിഷയം സയൻസ് ഫാക്കൽറ്റിക് കീഴിൽ ആയതിനാൽ ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസസ്-ന്റെ അഭിപ്രായം കൂടി തേടേണ്ടതാണെന്നും ഡീൻ, ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസ് അഭിപ്രായപ്പെട്ടിരുന്നു . തുടർന്ന്, വൈസ് ചാൻസലറുടെ 05.08.2017 ലെ ഉത്തരവ് പ്രകാരം ഈ വിഷയത്തിൽ ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസസ്-ന്റെ അഭിപ്രായം തേടുകയും ചെയ്തിട്ടുള്ളതാണ്.

മാറിക്കൊണ്ടിരിക്കുന്ന പഠന, ഗവേഷണ, തൊഴിൽ മേഖലകളിൽ "ഭൂമിശാസ്ത്ര" രംഗത്ത് ധാരാളം സാദ്ധ്യതകൾ ഉള്ളതിനാൽ ഭൂമിശാസ്ത്രം വിഷയമായി ബിരുദ കോഴ്സുകൾ തുടങ്ങുന്നതിനാവശ്യമായ നടപടികൾ സർവകലാശാല സ്വീകരിക്കണമെന്ന് ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസസ് അഭിപ്രായപ്പെട്ടിട്ടുണ്ട്.

29/09/2018ന കൂടിയ അക്കാഡമിക് കൗൺസിൽ യോഗം, മഹാത്മാഗാന്ധി സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ ഭൂമിശാസ്ത്രം വിഷയമായി പുതിയ ബിരുദ പ്രോഗ്രാമുകളും, അനുബന്ധകോഴ്സുകളും തുടങ്ങുന്നതിനുള്ള ഡീൻമാരുടെ ശുപാർശകളും അഭിപ്രായങ്ങളും അംഗീകരിക്കുന്നതിന് തീരുമാനിച്ചു .

മേൽ തീരുമാനം 08 / 11 / 2018 ന കൂടിയ സിൻഡിക്കേറ്റ് യോഗത്തിൽ(18 .09 )ഇനം നമ്പർ 01 / 18 .09 / 182236 ആയി സമർപ്പിച്ചിട്ടുള്ളതാകുന്നു.

തദനുസരണം ഉത്തരവ് പുറപ്പെടുവിക്കുന്നു.

DILEEP KUMAR R

അസിസ്റ്റന്റ് രജിസ്ട്രാർ 3 (അക്കാദമിക്)

രജിസ്ട്രാർക്ക് വേണ്ടി

പകർപ്പ്

1 )ഡോ ,കെ .എം .സീതി ,ഡീൻ ഫാക്കൽറ്റി ഓഫ് സോഷ്യൽ സയൻസ

2) ഡോ.സി.സുദർശന കുമാർ ,ഡീൻ, ഫാക്കൽറ്റി ഓഫ് സയൻസസ്

3 )വൈസ് ചാൻസലർ / പ്രോ വൈസ് ചാൻസലർ എന്നിവരുടെ പി .എസ്

4 )രജിസ്ട്രാർ/ പരീക്ഷ കൺട്രോളർ/ ഫിനാൻസ് ഓഫീസർ എന്നിവരുടെ പി.എ

5) ജെ.ആർ/ ഡി.ആർ / എ .ആർ (ഭരണ/ പരീക്ഷാവിഭാഗങ്ങൾ )

6 )സിസ്റ്റം അഡ്മിനിസ്ട്രേഷൻ

7 )കണ്ടെന്റ് മാനേജ്മന്റ് സെൽ

8 )ഐ .ക്യൂ .എ .സി

9 )സ്റ്റോക്ക് ഫയൽ / ഫയൽ കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

മഹാത്മാഗാന്ധി സർവ്വകലാശാല